**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2700** **04-03-2025 - ൽ മറുപടിയ്ക്ക്**

**കാപ്കോസിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | നെല്ല് സംഭരണം പ്രധാന പ്രവർത്തനമായി രൂപീകരിച്ച സഹകരണ സംഘമായ കാപ്കോസ് ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ.4505 (KAPCOS) കർഷകർ ഉൽപാദിപ്പിക്കുന്ന നെല്ല് സംഭരിച്ച് പ്രൊസസ്സ് ചെയ്ത് വിൽപ്പന നടത്തുക എന്ന ലക്ഷ്യത്തോടെ ആണ് രൂപീകരിച്ചിരിക്കുന്നത്. കോട്ടയം ജില്ലയിലെ പ്രാഥമിക കാർഷിക സർവ്വീസ് സഹകരണ ബാങ്കുകൾ അംഗങ്ങളായി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച സംഘം പാലക്കാട് ഒഴികെ കേരളത്തിലെ എല്ലാ സ്ഥലങ്ങളിൽ നിന്നും നെല്ല് സംഭരിക്കുന്നതിനു ലക്ഷ്യമിടുന്നു. കർഷകർക്ക് വരുമാനവും, സാധാരണക്കാർക്ക് കുറഞ്ഞ വിലയിൽ അരി ലഭ്യമാക്കുകയും ആണ് ടി സംഘത്തിന്റെ ലക്ഷ്യം. അരിയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും വിപണയിൽ എത്തിക്കുന്നതിനായി റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിന് സംഘം ഉദ്ദേശിക്കുന്നു. കുട്ടനാട്ടിലേയും, അപ്പർ കുട്ടനാട്ടിലേയും നെൽകഷകർക്ക് പ്രയോജനം ലഭിക്കുന്നതിന് റൈസ് മിൽ സ്ഥാപിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. 2021-2022 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഡി.പി.ആർ തയ്യാറാക്കുന്നത് ഉൾപ്പെടെയുള്ള പ്രാഥമിക ചെലവുകൾക്കായി 20 ലക്ഷം രൂപ (ഓഹരി മൂലധനം) ധനസഹായം അനുവദിച്ചിരുന്നു. സംഘത്തിന്റെ ഉടമസ്ഥതയിൽ കിടങ്ങൂർ വില്ലേജിൽ കൂടല്ലൂർ കരയിലുള്ള 9.62 ഏക്കർ സ്ഥലത്തു ഒരു ആധുനിക റൈസ് മിൽ സ്ഥാപിക്കുന്നതിന് പ്രായോഗിക പഠനം നടത്തുകയും ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം ആധുനിക റൈസ് മില്ലിന്റെ നിർമ്മാണത്തിനായി 80 കോടി രൂപയുടെ ഡി.പി.ആർ തയ്യാറാക്കുകയും ആയതിന് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ടി പ്രോജക്റ്റിനു വേണ്ടി നബാർഡിന്റെ ആർ.ഐ.ഡി.എഫ് |

| | | | |
|---|---|---|---|
| | | | പദ്ധതിയിൽ നിന്ന് 76 കോടി രൂപ ലഭിക്കുന്നതിനു അനുമതിയായിട്ടുണ്ട്.<br><br>ആധുനിക മിൽ സ്ഥാപിക്കുന്നതിനുളള നിർമ്മാണ പ്രവർത്തനങ്ങൾക്കായി 8.11.2023 ൽ സംഘം ഊരാളുങ്കൽ ലേബർ ക്രോൺടാക്ട് സംഘവുമായി കരാറിൽ ഏർപ്പെട്ടുകയും അരി മില്ലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കാപ്കോസ് എത്ര ആധുനിക റൈസ് മില്ലുകൾ ആരംഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; വിശദമാക്കുമോ? | (ബി) | കോട്ടയം ജില്ലയിൽ ഒരു ആധുനിക റൈസ് മില്ലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ